ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17.04.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണത്തിന് സമാപനം.

   17 സംസ്ഥാനങ്ങളിലേയും, നാല് കേന്ദ്രഭരണ പ്രദേശങ്ങളിലേയും 102 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് മറ്റെന്നാൾ.

   **The campaign for the first phase of the Lok Sabha elections has come to an end. Polling in 102 constituencies in 17 states and four union territories on friday**

2. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാലാം ഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മിഷൻ നാളെ പുറപ്പെടുവിക്കും.

   **The Election Commission will issue the fourth phase notification of the Lok Sabha elections tomorrow.**

3. മറ്റുഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജ്ജിതം. തെരഞ്ഞെടുപ്പ് റാലികളുമായി പ്രധാനമന്ത്രിയും പ്രതിപക്ഷ നേതാക്കളും.

   **Promotion to other stages in full swing. Prime Minister and opposition leaders with election rallies.**

4. രാമനവമിയോടനുബന്ധിച്ച് അയോദ്ധ്യയിൽ വിപുലമായ ആഘോഷപരിപാടികൾ.

   **Elaborate celebrations in Ayodhya on the occasion of Ram Navami.**

5. **തൃശ്ശൂർപ്പൂരത്തിന്റെ സാമ്പിൾ വെടിക്കെട്ട് അല്പസമയത്തിനകം.**

**Sample fireworks of Thrissurpuram shortly.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് , ഡൽഹി ക്യാപിറ്റൽസ് മത്സരം. ടോസ് നേടിയ ഡൽഹിക്ക് ബൗളിംഗ്**

**In IPL cricket today Gujarat Titans to play with Delhi Capitals. Delhi chosed to bowl after winning the toss.**

&&&&&&&&&&&&&&&&&&

## CAMPAIGN ENDS

രാജ്യത്ത് ഒന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണത്തിന് കൊട്ടിക്കലാശത്തോടെ സമാപനമായി . പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിച്ചു. 17 സംസ്ഥാനങ്ങളിലേയും, ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്രഭരണ പ്രദേശങ്ങളിലേയും 102 മണ്ഡലങ്ങളിൽ മറ്റെന്നാൾ ആണ് വോട്ടെടുപ്പ്. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും, രാജസ്ഥാനിൽ 12 ഇടത്തും, ഉത്തർ പ്രദേശിലെ എട്ടും, മധ്യപ്രദേശിലെ ആറും സീറ്റുകളിലും ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. മഹാരാഷ്ട്രയിലെയും, ഉത്തരാഖണ്ഡിലെയും, അസമിലെയും അഞ്ച് സീറ്റുകളിലും വെള്ളിയാഴ്ചയാണ് വോട്ടെടുപ്പ്. അരുണാചൽ പ്രദേശ്, സിക്കിം നിയമസഭാ തെരഞ്ഞെടുപ്പും വെള്ളിയാഴ്ചയാണ്.

&&&&&&&&&&&&&&&&&&

## 4TH NOTIFICATION

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ നാലാം ഘട്ട വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മിഷൻ നാളെ പുറപ്പെടുവിക്കും. ഒമ്പത്

സംസ്ഥാനങ്ങളിലേയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 96 ലോക്സഭാ സീറ്റുകളിലേക്കാണ് നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ആന്ധ്രാപ്രദേശിൽ 25 സീറ്റുകൾ, തെലങ്കാനയിലെ 17 സീറ്റുകൾ, ഉത്തർപ്രദേശിൽ 13 , മഹാരാഷ്ട്രയിൽ 11, മധ്യപ്രദേശ്, പശ്ചിമ ബംഗാളിൽ എട്ട് വീതം സീറ്റുകൾ, ബിഹാറിൽ അഞ്ച് , ജാർഖണ്ഡ്, ഒഡീഷ എന്നിവിടങ്ങളിൽ നാല്, ജമ്മു കശ്മീരിലെ ഒരു സീറ്റിലേയ്ക്കുമാണ് വോട്ടെടുപ്പ് നടക്കുന്നത്. ഈ മാസം 25 വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. വോട്ടെടുപ്പ് മെയ് 13 ന് നടക്കും.

&&&&&&&&&&&&&&&&&&

**REV. PM NALBARI**

എല്ലാ സർക്കാർ പദ്ധതികളുടെയും ആനുകൂല്യങ്ങൾ ഒരു വിവേചനവുമില്ലാതെ എല്ലാവർക്കും ലഭിക്കുന്നു ണ്ടെന്നും പാവപ്പെട്ടവർക്ക് സൗജന്യ ഭക്ഷ്യ ധാന്യത്തിന് പുറമെ അടുത്ത 5 വർഷത്തിനുള്ളിൽ 3 കോടി പുതിയ വീടുകൾ നിർമ്മിച്ചു നൽകുമെന്നും ബിജെപി യുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി . 5 ലക്ഷം രൂപ വരെ ആരോഗ്യ ഇൻഷുറൻസ് നൽകുന്ന 'ആയുഷ്മാൻ ഭാരത്' പദ്ധതിയിൽ 70 വയസ്സിന് മുകളിലുള്ള എല്ലാ മുതിർന്ന പൗരന്മാർക്കും പരിരക്ഷ നൽകുമെന്ന് ബിജെപിയുടെ സങ്കൽപ് പത്ര വാഗ്ദാനം ചെയ്യുന്നതായി അസമിലെ നാൽബാരിയിൽ ഒരു പൊതുയോഗത്തെ അഭിസംബോധന ചെയ്യുകൊണ്ട് അദ്ദേഹം പറഞ്ഞു. മെയ് 7 ന് മൂന്നാം ഘട്ട വോട്ടെടുപ്പ് നടക്കുന്ന ബാർപേട്ട പാർലമെൻ്റ് മണ്ഡലത്തിന് കീഴിലാണ് നാൽബാരി.

&&&&&&&&&&&&&&&&&&

## TRIPURA-PM

ത്രിപുരയിലെ കോൺഗ്രസ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ INDI സഖ്യത്തിനെതിരെ രൂക്ഷവിമർശനം നടത്തിയ ബിജെപി നേതാവും പ്രധാനമന്ത്രിയു മായ നരേന്ദ്ര മോദി കേരളത്തിൽ രണ്ട് പാർട്ടികളും കടുത്ത ശത്രുതയിലാണെന്ന് പറഞ്ഞു. അഗർത്തലയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഉത്തർപ്രദേശിലെ ഒരു പാർലമെൻ്റ് മണ്ഡലത്തിൽ നിന്ന് പരാജയപ്പെട്ടതിന് ശേഷം കോൺഗ്രസ് നേതാവ് തൻ്റെ അഭിമാനം രക്ഷിക്കാനാണ് കേരളത്തിലേക്ക് പോയതെന്ന് രാഹുൽ ഗാന്ധിയുടെ പേരെടുത്ത് പറയാതെ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJNATH SING-KASARGOD

മുതിർന്ന ബി ജെ പി നേതാവും കേന്ദ്രമന്ത്രിയുമായ രാജ്നാഥ് സിംഗ് കാസർകോടും വടകരയിലും നടന്ന തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## KARNATAKA CAMPAIGN

തെരഞ്ഞെടുപ്പ് പ്രചാരണത്തിൻ്റെ ഭാഗമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി കർണാടകയിലെ മാണ്ഡ്യയിൽ പൊതുയോഗത്തിൽ സംബന്ധിച്ചു. ഐഎൻഡിഐ സഖ്യം അധികാരത്തിലെയാൽ സ്ത്രീകൾക്ക് സാമ്പത്തിക സഹായവും

കർഷകർക്ക് ആനുകൂല്യങ്ങളും നല്കുമെന്ന് പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കുമെന്ന് അദ്ദേഹം ആവർത്തിച്ചു. തെരഞ്ഞെടുപ്പ് ബോണ്ട് കള്ളത്തരമാണെന്നും ശ്രീ.രാഹുൽ പറഞ്ഞു ബംഗളൂരുവിൽ, ബംഗളൂരു നോർത്ത് മണ്ഡലം ബിജെപി സ്ഥാനാർത്ഥിയും ബിജെപി നേതാവുമായ ശോഭ കരന്തലജെ പത്രസമ്മേളനം നടത്തി.

&&&&&&&&&&&&&&&&&&&

**CONGRESS-SP**

കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയും സമാജ്‌വാദി പാർട്ടി നേതാവ് അഖിലേഷ് യാദവും ഉത്തർപ്രദേശിലെ ഗാസിയാബാദിൽ സംയുക്ത പത്രസമ്മേളനം നടത്തി. ഭരണഘടനയും ജനാധിപത്യവും സംരക്ഷിക്കാൻ ഐഎൻഡിഐഎ സഖ്യം പ്രതിജ്ഞാബദ്ധമാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. ജാതി സെൻസസ് അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഈ തെരഞ്ഞെടുപ്പ് രാജ്യത്തെ രാഷ്ട്രീയത്തിന് പുതിയ ദിശകാട്ടുമെന്ന് ശ്രീ.അഖിലേഷ് യാദവ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

**PRIYANKA GANDHI-ROAD SHOW**

കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ഉത്തർപ്രദേശിലെ സഹാറൻപൂരിൽ റോഡ് ഷോ നടത്തി. രാജ്യം സത്യത്തെയാണ്, അധികാരത്തെയല്ല ആരാധിക്കുന്നതെന്ന് റോഡ് ഷോയിൽ അവർ പറഞ്ഞു. ഏപ്രിൽ 19 ന് ഒന്നാം

ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്ന മണ്ഡലമാണ് സഹാറൻപൂർ.

&&&&&&&&&&&&&&&&&&

## SEETHARAM YACHOORI

രാജ്യത്തെ സംബന്ധിച്ച് നിർണ്ണായക തെരഞ്ഞെടുപ്പ് ആണ് 2024 ലേതെന്ന് സി പി എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു. വടകരയിൽ എൽ ഡി എഫ് തെരഞ്ഞെടുപ് യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇന്ത്യ വൈവിധ്യങ്ങളുടെ രാജ്യമാണെന്നും അത് നില നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## THRISSUR POORAM

വർണ വിസ്മയങ്ങൾ തീർക്കുന്ന തൃശൂർ പൂരത്തിന്റെ സാമ്പിൾ വെടിക്കെട്ട് അല്പസമയത്തിനകം തിരുവമ്പാടി വിഭാഗമാണ് ആദ്യം തിരികൊളുത്തുക. പിന്നാലെ പാറമേക്കാവും ആകാശ പൂരത്തിന് തിരികൊളുത്തും. നാളെ തൃശ്ശൂർ പൂരത്തിന്റെ പ്രധാന ചടങ്ങായ നെയ്തല കാവിൽ അമ്മ തെക്കേഗോപുര നട തുറന്നു വരുന്നതോടെ പൂരത്തിന് വിളംബരമാകും. വെള്ളിയാഴ്ചയാണ് തൃശൂർ പൂരം.

&&&&&&&&&&&&&&&&&&

## RAM NAVAMI- INTRO

രാജ്യം ഇന്ന് രാമനവമി ആഘോഷിക്കുന്നു. രാമനവമിയോടനുബന്ധിച്ചു രാജ്യമെമ്പാടും വിവിധ ആഘോഷങ്ങളാണ് നടക്കുന്നത്. അയോധ്യയിലെ രാമക്ഷേത്രത്തിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെടുന്നത്. രാമക്ഷേത്രം യാഥാർഥ്യമായശേഷമുള്ള ആദ്യ ശ്രീരാമ ജന്മോത്സവമാണിത് എന്ന പ്രത്യേകതകൂടിയുണ്ട്. ഒരു റിപ്പോർട്ട്...................

(വോയിസ്)

&&&&&&&&&&&&&&&&&&&

## RAM NAVAMI- VOICE

ഉത്സവത്തിന്റെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് 12.16 ന് ശ്രീരാമ വിഗ്രഹത്തിൽ സൂര്യ-തിലകം ചാർത്തൽ നടന്നു. കണ്ണാടികളും ലെൻസുകളും ഉപയോഗിച്ചുള്ള സങ്കീർണ്ണമായ ഒരു സംവിധാനത്തിലൂടെയാണ് ചടങ്ങ് സാധ്യമാക്കിയത്. തിരക്ക് നിയന്ത്രിക്കുന്നതിനയി വിപുലമായ ക്രമീകരണങ്ങളാണ് സജ്ജമാക്കിയിരിക്കുന്നത്. രാജ്യത്തെ ജനങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാന മന്ത്രി നരേന്ദ്രമോദി എന്നിവർ രാമനവമി ആശംസകൾ നേർന്നു. പശ്ചിമ ബംഗാളിലെ വിവിധ ഭാഗങ്ങളിൽ രാമനവമി ആഘോഷത്തോടനുബന്ധിച്ച് കനത്ത സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. വിവിധ മത സംഘടനകളുടെ നേതൃത്വത്തിൽ പൂജകളും ഘോഷയാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രി മമത ബാനർജി സംസ്ഥാനത്തെ ജനങ്ങൾക്ക് രാമനവമി ആശംസകൾ നേർന്നു. രാമനവമിയോട് അനുബന്ധിച്ച് സെൻട്രൽ

കൊൽക്കത്തയിലെ ദഹി ഘട്ടിലെ രാമമന്ദിറിൽ ഗവർണർ സിവി ആനന്ദ് ബോസ് പൂജ നടത്തി. ശ്രീരാമനവമിയോടനബന്ധിച്ച് തെലങ്കാനയിലെ ഭദ്രാചലം പട്ടണത്തിലുള്ള സീതാരാമചന്ദ്ര സ്വാമി ക്ഷേത്രത്തിൽ ആചാരപരമായ ആഘോഷ പരിപാടികൾ നടന്നു. ശ്രീരാമൻറെയും സീതാദേവിയുടെയും വിവാഹ ചടങ്ങിനോടനുബന്ധിച്ച് സമീപത്തെ മിതാലി മൈതാനത്ത് സംഘടിപ്പിച്ച ആഘോഷത്തിൽ തെലങ്കാനയിലും, ആന്ധ്രാപ്രദേശിലും നിന്നുള്ള ആയിരക്കണക്കിന് ഭക്തർ പങ്കെടുത്തു. രാമനവമിയോടനുബന്ധിച്ച് ഹൈദ്രാബാദിൽ ശോഭയാത്രയും സംഘടിപ്പിച്ചു. കേരളത്തിലും ശ്രീരാമനവമി ആഘോഷങ്ങൾ നടന്നു.

ന്യൂസ്ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&

## GUJ MADHAVAPUR GHED MELA

പടിഞ്ഞാറും രാജ്യത്തെ വടക്ക്-കിഴക്കൻ സംസ്കാരവും തമ്മിലുള്ള സാംസ്കാരിക സമന്വയത്തിൻറെ ഭാഗമായ മാധവഗഡ് മേളയ്ക്ക് ഇന്ന് ഗുജറാത്തിൽ തുടക്കം. പോർബന്ദറിലെ മാധവ്പൂർ ഗ്രാമത്തിലാണ് മേള. ശ്രീകൃഷ്ണഭഗവാൻ വടക്ക്-കിഴക്കൻ ഭാഗത്തെ രുഗ്മിണിജി റാണിയെ വിവാഹം കഴിച്ചതിൻറെ സ്മരണ പുതുക്കലാണ് മേളയിലൂടെ ലക്ഷ്യമിടുന്നത്. വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ 100-ൽ പരം കലാകാരന്മാരും കൈത്തൊഴിലുകാരും തങ്ങളുടെ വൈദഗ്ധ്യം മേളയിൽ പ്രദർശിക്കും.

&&&&&&&&&&&&&&&&&&

**ED**

മാസപ്പടി കേസിൽ സി എം ആർ എൽ എം ഡി ശശിധരൻ കർത്തയെ വീട്ടിലെത്തി ചോദ്യം ചെയ്ത് ഇ ഡി. മുഖ്യമന്ത്രിയുടെ മകൾ ടി വീണയുടെ കമ്പനിയായ എക്സാലോജിക്കുമായി നടത്തിയ സാമ്പത്തിക ഇടപാടുകളിലാണ് ചോദ്യം ചെയ്യൽ. കർത്തയുടെ വീട്ടിൽ നിന്ന് ഇ ഡി സംഘം രേഖകൾ കസ്റ്റഡിയിലെടുത്തു. മാസപടി കേസുമായി ബന്ധപെട്ട് രണ്ട് പ്രാവശ്യം നോട്ടീസ് നൽകിയിട്ടും ശശിധരൻ കർത്ത ഇ ഡി ക്ക് മുന്നിൽ ഹാജരായിരുന്നില്ല.

&&&&&&&&&&&&&&&&&&

**GUJARAT ACCIDENT**

ഗുജറാത്തിലെ അഹമ്മദാബാദ് വഡോദര ഹൈവേയിൽ നദിയാദിന് സമീപം ഇന്ന് ഉണ്ടായ വാഹനാപകടത്തിൽ പത്ത് പേരെങ്കിലും മരിച്ചതായി റിപ്പോർട്ട്.അഹമ്മദാബാദ് വഡോദര ഹൈവേയിൽ നദിയാദിന് സമീപം അമിതവേഗതയിൽ വന്ന കാർ നിർത്തിയിട്ടിരുന്ന ടാങ്കറിൽ ഇടിച്ചാണ് അപകടമുണ്ടായതത്. സംഭവസ്ഥലത്ത് വെച്ച് തന്നെ എട്ട് പേർക്ക് ജീവൻ നഷ്ടപ്പെട്ടതായി ഖേഡ ജില്ലാ പോലീസ് സൂപ്രണ്ട് പറഞ്ഞു. പരിക്കേറ്റവരെ നദിയാഡ് സിവിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. , രണ്ടുപേർ ചികിത്സയ്ക്കിടെ മരണത്തിന് കീഴടങ്ങി.വഡോദരയിൽ നിന്ന് അഹമ്മദാബാദിലേക്ക് പോവുകയായിരുന്നു കാർ എന്നാണ് പ്രാഥമിക വിവരം.

&&&&&&&&&&&&&&&&&&

**J&K-IED**

ജമ്മു കാശ്മീരിൽ, പൂഞ്ച് ജില്ലയിലെ മെൻധാർ സബ് ഡിവിഷനിൽ പോലീസും സിആർപിഎഫും സൈന്യവും തീവ്രവാദികളുടെ ഒളിത്താവളം തകർത്ത് സ്ഫോടക വസ്തുക്കൾ കണ്ടെടുത്തു. തിരച്ചിൽ ഇപ്പോഴും തുടരുകയാണ്.

&&&&&&&&&&&&&&&&&&

**ARMY CHIEF- UZBEK VISIT**

ഉസ്ബെക്കിസ്ഥാനിലെ അക്കാദമി ഓഫ് ആംഡ് ഫോഴ്സിൽ ഹൈടെക് ഐടി ലബോറട്ടറി കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ സഹായത്തോടെയാണ് ലാബ് സ്ഥാപിച്ചത്. 2018 സെപ്റ്റംബറിൽ നടന്ന പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ ഐടി ലബോറട്ടറി നിർമ്മിക്കാൻ ഇന്ത്യയും ഉസ്ബെക്കിസ്ഥാനും നടത്തിയ ധാരണയ്ക്ക് അനുസൃതമായാണ് വികസനം.

&&&&&&&&&&&&&&&&&&

**NASHIK SILT REMOVAL**

മഹാരാഷ്ട്രയിലെ നാസിക് ജില്ലയിലെ ഗോദാവരി നദിയിൽ നിന്ന് ചെളി നീക്കം ചെയ്യുന്ന പ്രക്രിയ പുരോഗമിക്കുന്നു. ഇതു 2 മാസത്തേക്ക് തുടരും . ഇതോടെ പ്രതിദിനം 30 ലക്ഷം ലിറ്റർ ജലശേഷി വർദ്ധിക്കും . അവസാനം നദിയുടെ

ജലസംഭരണശേഷി 100 കോടി ലിറ്റർ വർധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് നാസിക് കളക്ടർ പറഞ്ഞു.

&&&&&&&&&&&&&&&&&&

**UAE - RAIN**

യു എ ഇ യിൽ കനത്ത മഴ. സാധാരണ ഒരുവർഷം ലഭിക്കുന്നതിലധികം മഴയാണ് കഴിഞ്ഞ കുറച്ച് ദിവസങ്ങളായി യു എ ഇ യിൽ പെയ്യുകൊണ്ടിരിക്കുന്നത്. ഔദ്യോഗിക കണക്കുകൾ പ്രകാരം ചില പ്രദേശങ്ങളിൽ 200 മില്ലീമീറ്ററിലധികം മഴ ലഭിച്ചിട്ടുണ്ട്. ഇത് രാജ്യത്തിൻറെ ശരാശരി വാർഷിക മഴയുടെ ഇരട്ടിയാണ്.

&&&&&&&&&&&&&&&&&&

**UKRAIN - MISSILE ATTACK**

ഉക്രൈനിൽ ഇന്നുനടന്ന റഷ്യൻ മിസൈൽ ആക്രമണത്തിൽ രണ്ടു കുട്ടികളുൾപ്പെടെ 14 പേർ കൊല്ലപ്പെട്ടു. അറുപതിലധികം പേർക്ക് പരിക്കേറ്റു.

&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം. ടോസ് നേടിയ ഡൽഹി ബൗളിംഗ് തെരഞ്ഞെടുത്തു. അഹമ്മദാബാദിലെ നരേന്ദ്ര മോദി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ മത്സരം പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&

&&&&&